## അക്കാദമികരംഗം

നൂറ് ശതമാനം വിജയം, ജില്ലയിലെ ഏറ്റവും കൂടുതൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ മുഴുവൻ വിഷയത്തിലും A+ നേടിയ വിദ്യാലയം എന്നീ നേട്ടങ്ങൾ പോയ വർഷവും നമുക്ക് നിലനിർത്താനായി. (62 വിദ്യാർത്ഥികൾക്ക് എല്ലാവിഷയങ്ങളിലും A+). 9 വിഷയങ്ങളിൽ 16 പേർക്ക് A+ നേടാനായി ഫിസിക്സ്, ബയോളജി, ഇംഗ്ലീഷ്, ഐടി. വിഷയങ്ങളിലും A+കാരുടെ എണ്ണം ജില്ലയിൽ തന്നെ മികച്ചതാണ്.

പ്ലസ്ടുവിനും കഴിഞ്ഞ വർഷം തിളക്കമാർന്ന റിസൾട്ട് കാഴ്ചവെക്കാനായി. 18 ഫുൾ A+ സയൻസ് 99%, കൊമേർസ് 91%, ഹ്യുമാനിറ്റീസ് 89%. ആകെ വിജയശതമാനം 91%. നവ്യ കെ. 1200ൽ 1200 മാർക്കും വാങ്ങി സ്കൂളിന്റെ അഭിമാനമായി.

ഹൈസ്ക്കൂൾ വിഭാഗത്തിൽ 200 സാധ്യായ ദിവസങ്ങൾ പ്രദാനം ചെയ്യാനായി. കല, കായികം, work experience, scout guides, JRC, SPC, NSS എന്നീ മേഖലകളിൽ 200-ൽ അധികം കുട്ടികൾക്ക് ലഭിച്ച ഗ്രേസ് മാർക്ക് സ്ക്കൂൾ റിസൾട്ടിൽ നിർണ്ണായകമായി.

ജനുവരി-ഫെബ്രുവരി മാസങ്ങളിൽ അക്കാദമിക മികവിന് പിന്തുണയായി refreshment വെളിച്ചം എന്നിവ പി.ടി.എ നൽകിക്കൊണ്ട് എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് രാത്രികാല ക്ലാസുകൾ നടക്കുകയുായി. 50-ഓളം വിദ്യാർത്ഥികൾ ഇതിൽ പങ്കാളികളാവുകയും അവരുടെ വിജയത്തിന് അത് നിർണ്ണായകമാവുകയും ചെയ്തു. ഇതേ മാസങ്ങളിൽ കിനാത്തിൽ, തെക്കേക്കാട് എന്നീ കേന്ദ്രങ്ങളിൽ പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ അയൽക്കൂട്ട പഠനകേന്ദ്രങ്ങൾ സംഘടിപ്പിക്കുകയുായി. വിവിധ സംഘടനകൾ, ക്ലബുകൾ, അധ്യാപകർ എന്നിവർ ഇതുമായി നല്ല രീതിയിൽ പി.ടി.എ യോട് സഹകരിച്ചു. 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് minimum leavel of learning ആർജ്ജിക്കുന്നതിന് refreshment അടക്കം 'നവപ്രഭ' പദ്ധതി നടപ്പിലാക്കി. പദ്ധതി വൻവിജയമായിരുന്നു. എട്ടാംക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് 'ശ്രദ്ധ' എന്ന പദ്ധതിയും വിജയകരമായി നടപ്പാക്കി.

### ENROLLMENT

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വർഷം 8-ാം ക്ലാസ്സിലേക്കുള്ള ലിïീഹഹാലിĉ 278 കുട്ടികൾ ആയിരുന്നു. 9-ാംക്ലാസ്സിൽ 8 കുട്ടികളും 10-ാം ക്ലാസ്സിൽ 11 കുട്ടികളും ചേരുകയുായി. ടോട്ടൽ 297. സ്ക്കൂൾ മികവുകൾ, റിസൽട്ട് എന്നിവ പ്രദർശിപ്പിച്ച് പ്രധാന സ്ഥലങ്ങളിൽ പി.ടി.എ. സ്ഥാപിച്ച ബോർഡുകളും അധ്യാപകരുടെ നേതൃത്വത്തിൽ നടന്ന സ്കാഡ് വർക്കുകളും ഫലം കണ്ടു.

## പഠന ക്യാമ്പുകൾ

ഹൈസ്ക്കൂൾ ക്ലാസ്സിലെ പിന്തുണാ സംവിധാനം ആവശ്യമുള്ള കുട്ടികളെ ഉൾപ്പെടുത്തിക്കൊള്ള ഒ.ആർ.സി ക്യാമ്പ് 2016 ഒക്ടോബർ 21, 22, 23 എന്നീ തീയ്യതികളിൽ നടത്തുകയുായി. രക്ഷിതാക്കളുടെ സംഘാടക സമിതി യോഗം അതിന് മുന്നോടിയായി വിളിച്ചു ചേർത്തു. വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്തുകൊള്ള ക്ലാസ്സുകൾ നടന്നു. രക്ഷിതാക്കൾക്ക് വേിയുള്ള ബോധവൽക്കരണ ക്ലാസും നടന്നു.

## NSS UNIT പ്രവർത്തനങ്ങൾ

സ്കൂളിലെ എൻ.എസ്.എസ്. പ്രവർത്തകർ നവംബർ 15 ശിശുദിനത്തിൽ ഉദിനൂർ അംഗൻവാടി കുട്ടികൾക്ക് കളിപ്പാട്ടങ്ങൾ വിതരണം ചെയ്തു. ഇതേദിവസം ലോകപ്രമേഹ ദിനാചരണം റാലി നടത്തി ആചരിച്ചു. എൻ.എസ്.എസിന്റെ സപ്തദിന ക്യാമ്പ് സെന്റ് പോൾസ് എയുപിഎസിൽവെച്ച് ജനപങ്കാളിത്തത്തോടെ നടന്നു. ശുചീകരണ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. സ്കൂളിൽ ജൈവവൈവിധ്യപാർക്ക് ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം എന്നിവയുടെ പരിചരണത്തിന് എൻ.എസ്.എസ്. അംഗങ്ങൾക്ക് പിടിഎ സഹായങ്ങൾ

ചെയ്തുവരുന്നു. ലഹരിക്കെതിരെ കാവലാൾ സേന രൂപീകരിച്ചും ഡങ്കു മഴക്കാല രോഗനിർമ്മാർജ്ജനത്തിനെതിരെ വാർഡുതല ശുചീകരണപ്രവർത്തനങ്ങൾക്കും പിടിഎ അംഗങ്ങളോടൊപ്പം എൻ.എസ്.എസ്. അംഗങ്ങളെ അണിനിരന്നു.

പടന്നക്കാട് വെച്ച് നടന്ന ദുരന്തനിവാരണ പരിശീലന പരിപാടിയിൽ എൻ.എസ്.എസിന്റെ 15 വളിയർമാരെ പങ്കെടുപ്പിച്ചു സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ ബോധവൽക്കരണ ക്ലാസ് സിവിൽ പോലീസ് ഓഫീസർ ശ്രീ റൗഫ് സർ ക്ലാസെടുത്തു.

മെയ് 23 മുതൽ 25 വരെ നമ്മുടെ സ്ക്കൂൾ സ്ക്കൗട്ട് & ഗൈഡ്സിന്റെ രാഷ്ട്രപതി പ്രീടെസ്റ്റ് നടന്നു. പി.ടി.എ യുടെ മികച്ച സഹായത്താൽ ക്യാമ്പ് വൻവിജയമായിരുന്നു.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

ഈ വർഷം സ്കൂളിലെ ഉച്ചഭക്ഷണം തയ്യാറാക്കുന്ന ശ്രീമതി വിമലയ്ക്ക് പിടിഎ 50,000 രൂപ ചികിത്സാധനസഹായം നൽകി. പാചകത്തിന് സഹായിക്കുന്ന ശ്രീമതി ലിസയുടെ പാതിവഴിയായ വീട് നിർമ്മാണം പിടിഎ ഏറ്റെടുക്കുകയുായി. ഈ ഇനത്തിൽ 1 $^1/_2$ ലക്ഷം രൂപ പി.ടി.എ. സംഭാവന ചെയ്യുകയുായി. ഇവരുടെ ഭർത്താവായ സുഗതന്റെ പെട്ടെന്നുള്ള മരണത്തെതുടർന്നാണിത്. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ തമിഴ്നാട്ടിൽനിന്നുള്ള നന്ദഗോപൻ ചികിത്സാസഹായമായി 15,000/- രൂപ നൽകി

## നിലവിലെ പ്രൊജക്ടുകൾ

1. സൈക്കിൾ പാർക്കിംഗ് സംവിധാനം പ്രൊജക്ട് തയ്യാറാക്കുന്നു.
2. മഴക്കാലത്ത് സ്കൂൾ പരിസരത്ത് മഴവെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കാനുള്ള ഡ്രൈനേജ് സംവിധാനം.
3. ഹരിതവിദ്യാലയം ഫൈനലിസ്റ്റ് ആയ വിദ്യാലയങ്ങൾക്ക് അനുവദിച്ച 1 കോടിരൂപയുടെ പദ്ധതി ഡൈനിംഗ് ഹാളിന് 50 ലക്ഷം, ക്ലാസ്സ് റൂം നവീകരണത്തിന് 50 ലക്ഷം വീതം ഇതിനുള്ള പ്രൊജക്ട് സമർപ്പിച്ചു കഴിഞ്ഞു.
4. പ്രഭാകരൻ കമ്മീഷൻ എച്ച്.എസ്.എസ്. വിഭാഗത്തിന് അനുവദിച്ച മൂന്ന് മുറി ക്ലാസ്സ് നിർമ്മാണം.
5. 9 ബാത്ത്റൂം യൂണിറ്റ് നിർമ്മാണം.

ബഹു. തൊഴിൽ എക്സൈസ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ ഉദിനൂർ എച്ച്എസ്.എസിന്റെ പുതിയ ബ്ലോക്ക് ഉദ്ഘാടനം ചെയ്തപ്പോൾ സൈക്കിൾ പാർക്കിംഗ്, മഴവെള്ളം ഒഴുക്കിക്കളയുന്നതിനുള്ള ഡ്രൈനേജ് എന്നിവയുടെ പ്രൊജക്ട് സമർപ്പിക്കാനാവശ്യപ്പെട്ടിരുന്നു. അതുപ്രകാരം പിടിഎ ലാന്റ് സർവ്വെ പൂർത്തിയാക്കി പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ അവർകളും സഹായം വാഗ്ദാനം ചെയ്തിട്ടു്.

## ലഹരിക്കെതിരെ

ലഹരി വിരുദ്ധ ശിൽപം ക്യാമ്പസിൽ ഒരുക്കിയ സ്കൂളാണ് ഉദിനൂർ. ഈ വർഷത്തെ ലഹരിവിരുദ്ധ ദിനത്തിൽ ജില്ലയിൽ നിന്നുള്ള ലഹരിവിരുദ്ധ ക്യാപെയിൻ സൈക്കിൾ റാലിയുടെ ആരംഭിച്ചത് ഉദിനൂർ സ്കൂളിൽ നിന്നായിരുന്നു. ജില്ലാ പോലീസ് ചീഫ് ഉദ്ഘാടനം ചെയ്തു ജില്ലാ സൈക്കിൾ അസോസിയേഷനോടൊപ്പം ഉദിനൂരിലെ വിദ്യാർത്ഥികളും സൈക്കിളിൽ അനുഗമിച്ചു. എം.എൽ.എ. ശ്രീ. എം. രാജഗോപാലൻ ഫ്ളാഗ് ഓഫ് ചെയ്തു.

## ജൈവവൈവിധ്യപാർക്ക്.

അക്കാദമിക മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്ത പാർക്ക് സ്കൂൾ കവാടത്തിൽ ജൈവപന്തൽ ഒരുക്കിക്കൊ് ആരംഭിച്ചു 36000രൂപ പിടിഎ ഈ ഇനത്തിൽ ഉപയോഗപ്പെടുത്തി. വള്ളിച്ചെടികളും മറ്റ് പടർപ്പുകളും പരിപാലിച്ചു വരുന്നു. വരും വർഷങ്ങളിൽ ഇത് കൂടുതൽ വൈവിധ്യവൽക്കരിക്കും.

**മഴവെള്ള സംഭരണി** 2 മഴവെള്ള സംഭരണികൾ 2 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ചു ഉപയോഗപ്പെടുത്തി വരുന്നു.

**നവീകരണ പ്രവർത്തനങ്ങൾ**

ലൈബ്രറി നവീകരണം ഇലക്ട്രിഫിക്കേഷൻ, ഫാൻ ഫ്ളോർ ടൈലിംഗ്, പെയിന്റിംഗ് എന്നിവയ്ക്ക് പിടിഎ ഈ വർഷം ഏറ്റെടുക്കുകയുായി. സ്കൂൾ ബിൽഡിംഗ് പെയിന്റിംഗ് ലാബ് നവീകരണം കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും പിടിഎ നേതൃത്വം നൽകി ഫർണിച്ചർ റിപ്പയറിംഗ് പാചകപ്പുര നവീകരണം വിശ്രാന്തിറൂം ഫർണിഷിംഗ് തുടങ്ങിയവയാണ് എടുത്തു പറയാവുന്ന മറ്റ് പ്രവർത്തനങ്ങൾ.

**അക്കാദമിക മാസ്റ്റർ പ്ലാൻ**

അക്കാദമിക ഭൗതിക സാമൂഹ്യ മേഖലകൾ ഊന്നൽ നൽകി വിശദമായ അക്കാദമിക മാസ്റ്റർപ്ലാൻ വ്യത്യസ്ത മേഖലകളിൽ വിദഗ്ദ്ധരായ വ്യക്തികളെ ഉൾപ്പെടുത്തി 3 യോഗങ്ങൾ വിശിച്ചു ചേർത്തതിനുശേഷം തയ്യാറാക്കാൻ കഴിഞ്ഞു.

**പൂർവ്വവിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ**

കുടിവെള്ളത്തിനുള്ള വാട്ടർ ഫിൽട്ടർ ഓപ്പൺ ഓഡിറ്റോറിയത്തിലെ 12 ഫാനുകൾ, 2 ഹാലൊജൻ ലൈറ്റുകൾ, സൗ് സിസ്റ്റം എന്നിവ വിവിധ പൂർവ്വ വിദ്യാർത്ഥിയോഗങ്ങൾക്കുശേഷം സ്കൂളി ലേക്ക് സംഭാവനചെയ്യപ്പെട്ടവയാണ്. ഓരോ വർഷം മുഴുവൻ വിഷയങ്ങൾക്കും എ+ നേടുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ്പ്രൈസ് സമ്മാനിക്കുന്നതിനും പൂർവ്വവിദ്യാർത്ഥികൾ നേതൃത്വം നൽകുന്നു. പിടിഎയുടെ ക്യാഷ് അവാർഡിനും മൊമൊന്റോക്കും പുറമേയാണിത്. യഥാസമയം പൂർവ്വ വിദ്യാർത്ഥിയോഗങ്ങൾ വിളിച്ചുചേർക്കാൻ പിടിഎ ഔത്സുക്യം കാണിക്കുന്നു.

**ഹരിതവിദ്യാലയം ഫൈനലിസ്റ്റ്**

മികച്ച പൊതുവിദ്യാലയങ്ങളെ കത്തൊൻ സർക്കാർ നടത്തിയ ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ ആദ്യ പതിമൂന്ന് സ്ഥാനത്തിലെത്താൻ ഉദിനൂരിനു കഴിഞ്ഞു. പ്രിലിമിനറി റൗിൽ നല്ല പോയിന്റ് നേടി ഫ്ളോർ ഷൂട്ടിംഗിൽ മികച്ച പെർഫൊമൻസ് പുറത്തെടുത്ത് സ്കൂളിൽ നടന്ന നേരിട്ടുള്ള ഇന്ററാക്ടീവ് സെഷനിൽ ആദ്യസ്ഥാനങ്ങളെത്താൻ സ്കൂളിന് കഴിഞ്ഞു. നാലായിരത്തിലധികം സർക്കാർ വിദ്യാലയങ്ങളിൽ മികവ് പ്രദർശിപ്പിക്കുന്ന സ്കൂളായി ലോക ശ്രദ്ധയാകർഷിക്കാൻ കഴിഞ്ഞത് സ്കൂൾ ഏറ്റവും അഭിമാനത്തോടെയോർക്കുന്നു.

**പ്രതിഭാസംഗമവും അനുമോദനവും യാത്രയയപ്പും**

എസ്.എസ്.എൽ.സി.യിൽ മുഴുവൻ എ+ നേടിയ 62 വിദ്യാർത്ഥികൾക്കും ഹയർസെക്കറി പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ+ നേടിയ 18 വിദ്യാർത്ഥികൾക്കും അനുമോദനം സംഘടിപ്പിക്കുകയുായി. ശ്രീ. എം. രാജഗോപാൽ അനുമോദനയോഗം ഉദ്ഘാടനം ചെയ്തു. പി.ടി.എ.യുടെ വക ഉപഹാര സമർപ്പണവും നടന്നു. പൂർവ്വവിദ്യാർത്ഥികളുടെ വക ക്യാഷ് പ്രൈസ്, മൊമന്റോ എന്നിവയും സമ്മാനിച്ചു. സ്ക്കൂളിൽ നിന്നും പ്രൊമോഷൻ ട്രാൻസ്ഫറായി പോയ ശ്രീമതി പുഷ്പ കോയ്യോൻ, ഹെഡ്മാസ്റ്ററായി പ്രൊമോഷനായ ശ്രീ. സണ്ണിമാസ്റ്റർ എന്നിവർക്കും ഉചിതമായ യാത്രയയപ്പ് നല്കി.

**നിർമ്മാണ പ്രവർത്തനങ്ങൾ**

09-06-18 ന് എം.എൽ.എ ശ്രീ. എം രാജഗോപാലന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. ടി.പി. രാമകൃഷ്ണൻ 75 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച ഹയർസെക്കറി ബ്ലോക്കിന്റെ പുതിയ കെട്ടിട ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് മെമ്പർ പടന്ന ഗ്രാമപഞ്ചായത്ത് പ്രസിഡ് എന്നിവർ സന്നിഹിതരായി.

**ഹൈടെക്ക് വിദ്യാലയം**

സമഗ്രവിദ്യാലയ വികസനം, പൊതു വിദ്യാഭ്യാസ സംരക്ഷണം ഇവ മുൻനിർത്തി സ്ക്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിന് ക്ലാസ് റൂമുകൾ ഹൈടെക്ക് ആക്കുന്നതിനും ഉദിനൂർ സ്ക്കൂൾ തുടക്കം കുറിച്ച് കഴിഞ്ഞു. മുഴുവൻ എച്ച്.എസ്(20), എച്ച്.എസ്.എസ്(8) ക്ലാസ് മുറികളും ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാക്കുകയും സ്മാർട്ട് ആവുകയും ചെയ്തു. കൂടുതൽ സ്പോൺസർമാരെ കണ്ടെത്താനും പദ്ധതി സാക്ഷാത്ക്കരിക്കാനുമുള്ള തീവ്രശ്രമത്തിലാണ് പി.ടി.എ.

BEST PTA AWARD

വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനവും ജില്ലയിൽ രണ്ടാം സ്ഥാനവും നേടി.

## ജൈവ വൈവിധ്യ ഉദ്യാനം

വികസന ശില്പശാലയിൽ ഉരുത്തിരിഞ്ഞ ജൈവ വൈവിധ്യ ഉദ്യാനം എന്ന ആശയം നടപ്പിലാക്കാനുള്ള ശ്രമത്തിലാണ് പി.ടി.എ ഈ വർഷം ശ്രദ്ധ ഊന്നുന്നത്. സ്ക്കൂളിന് മുമ്പിൽ ജൈവ പന്തൽ, ആമ്പൽക്കുളം, ജൈവവേലി, ഉദ്യാനം എന്നിവ വിഭാവനം ചെയ്തിട്ടുള്ള പ്രൊജക്ട് അംഗീകാരത്തിനായി പി.ടി.എ എക്സിക്യൂട്ടീവ്-ൽ സമർപ്പിച്ചു കഴിഞ്ഞു. പ്രാരംഭ പ്രവർത്തനങ്ങൾക്ക് 35000 രൂപയാണ് പ്രതീക്ഷിക്കുന്ന എസ്റ്റിമേറ്റ്.

## സൗജന്യ പരിശീലനങ്ങൾ

കരാട്ടെ, നീന്തൽ, തയ്യൽ പരിശീലനങ്ങൾ സൗജന്യമായി സ്ക്കൂളിൽ നൽകിക്കൊിരുന്നു. ആൺ-പെൺ ഭേദമന്യേ കുട്ടികൾ ഇതുപയോഗപ്പെടുത്തുന്നു. ചെറുവത്തൂർ ഉപജില്ലാ നീന്തൽ മത്സരത്തിൽ തുടർച്ചയായ ആറാം തവണയും നമ്മുടെ സ്ക്കൂൾ ചാമ്പ്യൻമാരാണ്. ഉപജില്ലാ കായിക മേളയിൽ കഴിഞ്ഞ വർഷം റണ്ണറപ്പായി.

## പത്രം സ്പോൺസറിംഗ്

ദേശാഭിമാനി, മാധ്യമം, ജനയുഗം തുടങ്ങിയ പത്രങ്ങൾ ഒരു വർഷത്തേക്ക് സ്ക്കൂളിൽ സ്പോൺസർ ചെയ്യിക്കാൻ പി.ടി.എ ക്ക് കഴിഞ്ഞു.

## കായികമേള

കഴിഞ്ഞ വർഷം നടന്ന മത്സരത്തിൽ സുബ്രതോ മുഖർജി ഫുട്ബോൾ മത്സരത്തിൽ ഫസ്റ്റ് റണ്ണർഅപ്പ് ആയിരുന്നു ഉദിനൂർ ടീം. കഴിഞ്ഞ വർഷം നാഷണൽ മത്സരത്തിൽ പങ്കെടുത്ത കേരളാടീമിൽ നമ്മുടെ ജില്ലയിൽ നിന്ന് പങ്കെടുത്ത അശ്വിൻ. ആർ ചന്ദ്രനും സിദ്ധാർത്ഥ് വി.യും നമ്മുടെ വിദ്യാലയത്തിലെ 9-ാം തരം വിദ്യാർത്ഥികളാണെന്നത് നമുക്കഭിമാനിക്കാം ദേശീയതലത്തിൽ നടന്ന തൈക്കോഡോ മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. ആലപ്പുഴയിൽ വച്ച് നടന്ന സംസ്ഥാന സബ്ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടിയ കാസർഗോഡ് ജില്ലാ ടീമിന്റെ ക്യാപ്റ്റനും ഗോൾ കീപ്പറും ഉൾപ്പെടെ ടീമിലെ 8 പേരും ഉദിനൂർ സ്ക്കൂളിലെ കുട്ടികളാണെന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്ന നേട്ടമാണ്. കൂടാതെ സംസ്ഥാന സ്ക്കൂൾ സീനിയർ ഫുട്ബോൾ ചാമ്പ്യൻമാരായ കാസർഗോഡ് ജില്ലാ ടീമിൽ നമ്മുടെ വിദ്യലയത്തിലെ 7 പേർ പങ്കെടുത്തിരുന്നു.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

സയൻസ്, സോഷ്യൽ, മാത്സ് ക്ലബ്ബുകൾ ജില്ലയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. സംസ്ഥാന തല മത്സരങ്ങളിൽ കുട്ടികൾ മികച്ച വിജയം കൈവരിച്ചു. ഗണിത ശാസ്ത്രമേളയിൽ സംസ്ഥാനതലത്തിൽ 4 കുട്ടികൾ പങ്കെടുത്തു. ശാസ്ത്രമേളയിൽ സംസ്ഥാന തലത്തിൽ മൂന്ന് കുട്ടികളും മത്സരിച്ചു.

## കലോത്സവം

സ്റ്റേറ്റ് തലത്തിൽ ഗ്രൂപ്പ് ഡാൻസ്, മലയാളം കവിത, ഹിന്ദി കവിതാലപനം, ലളിതഗാനം, മലയാളം ഉപന്യാസം എന്നീ ഇനങ്ങളിൽ മികച്ച വിജയം നേടി. സ്റ്റേറ്റ് തലത്തിൽ ദീപേന്ദു പി.എസ്. മലയാളം ഉപന്യാസത്തിൽ ഒന്നാംസ്ഥാനം നേടി.

ബാലശാസ്ത്രകോൺഗ്രസ്സിൽ സംസ്ഥാനതലത്തിൽ പ്രബന്ധം അവതരിപ്പിച്ചു. സാമൂഹ്യശാസ്ത്ര വാർത്താ വായന മത്സരത്തിൽ സംസ്ഥാനതലത്തിൽ നന്ദന കെ. നാലാം സ്ഥാനം നേടി.

## സാന്ത്വനം

കഴിഞ്ഞ വർഷം രോഗബാധമൂലം ദുരിതമനുഭവിക്കുന്ന നാല് പേർക്ക് സഹായധനമായി 42,000 രൂപ നൽകാൻ നമുക്ക് കഴിഞ്ഞു. ഇതിന് സഹായിച്ച സുമനസ്സുകളായ രക്ഷിതാക്കൾ, സ്റ്റാഫ്എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ അറിയിക്കുന്നു.

## മറ്റ് നേട്ടങ്ങൾ

1. സബ്ജില്ലാ ശാസ്ത്ര സെമിനാറിൽ നമ്മുടെ സ്കൂളിലെ ദീപേന്ദു പി.എസ്. ഒന്നാം സ്ഥാനം നേടി.
2. സബ്ജില്ലാ സാമൂഹ്യ ശാസ്ത്ര ക്വിസ് മത്സരത്തിൽ എട്ടാം തരത്തിലെ ജീവസ്സ്. ടി. ഒന്നാം സ്ഥാനം നേടി.
3. *ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച താലൂക്ക് തല വായനാമത്സരത്തിൽ ദീപേന്ദു പി. എസ്. ഒന്നാം സ്ഥാനം നേടി.*